മനോരമ 12-5-2011

# 'വിദ്യാഭ്യാസരംഗത്ത് സ്വകാര്യമേഖലയെയും വിശ്വാസത്തിലെടുക്കണം'

കൊച്ചി: സമഗ്ര വികസന നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മേഖലയെയും വിശ്വാസത്തിലെടുക്കണമെന്ന് പാർശ്വവൽക്കൃത സമൂഹങ്ങളെ കുറിച്ചുള്ള കൊച്ചി സർവകലാശാലയിലെ പഠന കേന്ദ്രം സംഘടിപ്പിച്ച പാനൽ ചർച്ചയിൽ അഭിപ്രായമുയർന്നു.



പാർശ്വവൽകൃത സമൂഹങ്ങളെക്കുറിച്ചുള്ള പഠനകേന്ദ്രം കൊച്ചി സർവകലാശാലയിൽ സംഘടിപ്പിച്ച പാനൽ ചർച്ച കുസാറ്റ് വൈസ്ചാൻസലർ ഡോ. രാമചന്ദ്രൻ തെക്കേടത്ത് ഉദ്ഘാടനം ചെയ്യുന്നു. ഡോ. ബാബു ജോസഫ്, എം.ജി.എസ്. നാരായണൻ, ഡോ. എം.വി. പൈലി എന്നിവർ സമീപം.

ജനസംഖ്യക്കനുസരിച്ച് പഠന സൗകര്യങ്ങളില്ലാത്തതും പഠിച്ചിറങ്ങുന്നവർക്കുള്ള തൊഴിൽ ലഭ്യതക്കുറവുമാണ് വിദ്യാഭ്യാസം സമഗ്രവും സാർവത്രികവുമാകാത്തതിന് കാരണം. ചെലവുകൾ കീശയിലൊതുങ്ങാത്തതും വിദ്യാഭ്യാസ രംഗത്തെ പാർശ്വവൽക്കരണത്തിനു കാരണമാകുന്നുണ്ടെന്ന് ചർച്ചയിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി.

ഉന്നത വിദ്യാഭ്യാസ രംഗത്തെ പൊഴിഞ്ഞു പോക്ക് ഇല്ലാതാക്കാൻ നടപടി വേണമെന്ന് പാനൽ ചർച്ച ഉദ്ഘാടനം ചെയ്ത കൊച്ചി സർവകലാശാല വൈസ് ചാൻസലർ ഡോ. രാമചന്ദ്രൻ തെക്കേടത്ത് പറഞ്ഞു. ഡോ. എം.ജി.എസ്. നാരായണൻ മോഡറേറ്ററായിരുന്നു.

ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള കുടിയേറ്റത്തിൽ കേരളം ഇന്ന് ഒന്നാം സ്ഥാനത്താണെന്ന് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് പ്രഫസർ ഡോ. എസ്. ഇരുദയ രാജൻ അഭിപ്രായപ്പെട്ടു.

കേരളത്തിലെ റഗുലർ കോളജുകളിൽ മുന്നാക്ക സമുദായത്തിൽ പെട്ട വിദ്യാർഥികളുടെ എണ്ണം കുറയുകയും പിന്നാക്ക പട്ടിക ജാതിയിൽ പെട്ടവരുടെ എണ്ണം കൂടുകയും ചെയ്തിട്ടുണ്ടെന്ന് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് മുൻ ഡയറക്ടർ ഡോ. കെ.കെ. ജോർജ് പറഞ്ഞു.

'വിദ്യാഭ്യാസ പാർശ്വവൽക്കരണവും സാമ്പത്തിക വളർച്ചയും' എന്ന വിഷയത്തിൽ പാർശ്വവൽക്കൃത സമൂഹങ്ങളെ കുറിച്ചുള്ള പഠന കേന്ദ്രം തയാറാക്കിയ ഗവേഷണ പ്രബന്ധ പരമ്പര ഡോ. എം.വി. പൈലി പ്രകാശനം ചെയ്തു. കുസാറ്റ് മുൻ വിസി ഡോ. ബാബു ജോസഫ്, ഡോ. മാർട്ടിൻ പാട്രിക്, ഡോ. മുരളീധരൻ, മാധ്യമ പ്രവർത്തകരായ കെ.എം. റോയ്, പി. രാജൻ, രാജേന്ദ്രൻ പുതിയേടത്ത്, സുധ നമ്പൂതിരി, ഡോ. നിർമ്മല പ്രഭാകരൻ, ഡോ. ജയകുമാർ, ഡോ. കെ.എ. സക്കറിയ, ബിനു പി. പോൾ, അനിൽ കുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.